# കേരള വെറ്ററിനറി & ആനിമൽ സയൻസസ് സർവ്വകലാശാല
## അക്കാദമിക്സ് & റിസർച്ച് ഡയറക്ടറുടെ കാര്യാലയം,
പൂക്കോട്, ലക്കിടി. പി.ഒ., വയനാട് – 673 576

*ഇ മെയിൽ : dar@kvasu.ac.in, officedar@kvasu.ac.in, ഫോൺ : 04936 209260, 209269, 209270*


Approved By Prof. (Dr.) C. Latha (DIRECTOR (ACADEMICS & RESEARCH)) on 28/09/2024 12:21 PM
(The document is digitally approved and does not require any Seal or Signature in original)

നം. KVASU/DAR/B1/3353/2024(5)    പൂക്കോട്, തീയതി, 28/09/2024

**<u>വിജ്ഞാപനം</u>**

വിഷയം:- കെ.വി.എ.എസ്.യു.-ഡിപ്ലോമ ഇൻ ഡയറി സയൻസ് കോഴ്സ് പാസ്സായവർക്കായി ബി.ടെക് കോഴ്സിന് സംവരണം ചെയ്തിട്ടുള്ള രണ്ടു സൂപ്പർന്യമററി സീറ്റുകളിലേക്കുള്ള 2024 -25 അധ്യയന വർഷത്തെ പ്രവേശനം - സംബന്ധിച്ച്

സൂചന:- സൂചന: സർവ്വകലാശാലയുടെ 22/12/2015 തീയതിയിലെ കെ.വി.എ.എസ്.യു./ഡി.എ.ആർ /അകാഡ്/ ബി1/13108/2015 (xiv) നം ഉത്തരവ്.

കേരള വെറ്ററിനറി & ആനിമൽ സയൻസസ് സർവ്വകലാശാല നടത്തുന്ന ഡിപ്ലോമ ഇൻ ഡയറി സയൻസ് കോഴ്സ് പാസായവർക്കായി ബി.ടെക് (ഡയറി ടെക്നോളജി) കോഴ്സിന് സംവരണം ചെയ്തിരിക്കുന്ന രണ്ടു സൂപ്പർന്യൂമററി സീറ്റുകളിലേക്ക് 2024-25 അധ്യയന വർഷത്തേക്ക് അർഹരായ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു.

**യോഗ്യത:**

- അപേക്ഷകർ ആദ്യ അവസരത്തിൽ OGPA 6.0 (60% മാർക്ക് ) നേടി കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി നടത്തുന്ന ഡിപ്ലോമ ഇൻ ഡയറി സയൻസ് കോഴ്സ് പൂർത്തിയായവരായിരിക്കണം. ഡിപ്ലോമ ഇൻ ഡയറി സയൻസ് കോഴ്സിന് ഒ.ജി.പി.എ. 7.0 ഉം (70% മാർക്ക്) അതിൽ കൂടുതലും നേടി പാസ്സായ വിദ്യാർത്ഥികളെ നേരിട്ട് ബി.ടെക് (ഡയറി ടെക്നോളജി) കോഴ്സിന്റെ മൂന്നാം സെമസ്റ്ററിലേക്കു പരിഗണിക്കുന്നതാണ്.

- അപേക്ഷകർ KEAM 2024 പരീക്ഷയിൽ യോഗ്യത നേടിയവർ ആയിരിക്കണം. റാങ്ക് അടിസ്ഥാനത്തിലാണ് പ്രവേശനം നടത്തുക.

- അപേക്ഷകൾ www.kvasu.ac.in എന്ന വെബ്സൈറ്റിൽ നിന്നും അപേക്ഷ ഫോറവും ഇതിനായുള്ള സർട്ടിഫിക്കറ്റും ഡൗൺലോഡ് ചെയ്യേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷകൾ "ഡയറക്ടർ ഓഫ് അക്കാദമിക്സ് & റിസർച്ച്, കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി എന്ന പേരിൽ എസ് ബി ഐ കൽപ്പറ്റ ശാഖയിൽ മാറാവുന്ന 1000/- രൂപയുടെ (എസ്.സി/ എസ്.ടി വിദ്യാർത്ഥികൾക്ക് 500/- രൂപ) ഡിമാൻഡ് ഡ്രാഫ്റ്റ്, കീം (KEAM) പോർട്ടലിൽ നിന്നു ലഭിക്കുന്ന CANDIDATE'S DATA SHEET, പത്താം ക്ലാസിലേയും പ്ലസ് ടുവിലെയും സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ കൂടാതെ എസ് സി എസ് ടി വിദ്യാർത്ഥികൾ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് എന്നിവ സഹിതം ഡയറക്ടർ ഓഫ് അക്കാദമിക്സ് ആൻഡ് റിസർച്ച്, കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി, പൂക്കോട്, ലക്കിടി പി. ഓ. വയനാട്-673576 എന്ന മേൽവിലാസത്തിൽ അയക്കേണ്ടതാണ്. അപേക്ഷ കവറിന്റെ പുറത്ത് ബി.ടെക് കോഴ്സിൻറെ സൂപ്പർ ന്യൂമററി സീറ്റിലേക്കുള്ള അപേക്ഷ എന്ന് രേഖപ്പെടുത്തിയിരിക്കണം.

**അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി: 07.10.2024**

**പ്രൊഫ. (ഡോ.) സി. ലത**
**ഡയറക്ടർ (അക്കാദമിക്സ് & റിസർച്ച്)**

സ്വീകർത്താവ്:
1. All Deans/Special Officers and Heads of Stations for wide circulation
2. Course Directors (Diploma in Dairy Science Programme), CVAS, Mannuthy and Pookode
3. University Website

പകർപ്പ്: PS to VC/PA to Registrar

Approved By Prof. (Dr.) C. Latha (DIRECTOR (ACADEMICS & RESEARCH)) on 28/09/2024 12:21 PM
(The document is digitally approved and does not require any Seal or Signature in original)